**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4467** **18-03-2025 - ൽ മറുപടിയ്ക്ക്**

**കുടിശ്ശിക നിവാരണ അദാലത്ത് വഴി തീർപ്പാക്കിയ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുത്ത് തിരിച്ചടവിൽ കുടിശ്ശിക വന്നതിനാൽ 2020 മുതൽ എത്ര വായ്പക്കാരുടെ വസ്തുക്കൾ ജപ്തി ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുത്ത് തിരിച്ചടവിൽ കുടിശ്ശിക വന്നതിനാൽ 2020 മുതൽ നാളിതുവരെ വസ്തുക്കൾ ജപ്തി ചെയ്ത വായ്പ്പക്കാരുടെ ജില്ല തിരിച്ചുള്ള കണക്കു ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം -1531<br>കൊല്ലം -104<br>ആലപ്പുഴ -6<br>പത്തനംതിട്ട -753<br>കോട്ടയം -124<br>ഇടുക്കി -574<br>എറണാകുളം -358<br>തൃശ്ശൂർ -582<br>പാലക്കാട് -128<br>മലപ്പുറം -181<br>കോഴിക്കോട് -192<br>വയനാട് -13<br>കണ്ണൂർ -174<br>കാസർഗോഡ് -119 |
| (ബി) | വായ്പാ തിരിച്ചടവ് മുടങ്ങിയ വകയിൽ 2020 മുതൽ എത്ര കുടുംബങ്ങളുടെ കിടപ്പാടം ജപ്തി ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് മൂന്ന് സെന്റിൽ താഴെയുള്ള വസ്തുവും കിടപ്പാടവും പണയപ്പെടുത്തിയിട്ടുള്ള വായ്പകളിൽ ജപ്തി നടപടികൾ സ്വീകരിക്കുവാൻ പാടില്ല എന്നുള്ളതാണ് സർക്കാർ നിലപാട്. മൂന്ന് |

സെന്റിൽ കൂടുതൽ ഉള്ള വസ്തുവും കിടപ്പാടവുമുള്ള ജാമ്യ വസ്തു ജപ്തി ചെയ്തു വായ്പത്തുക തിരികെ ഈടാക്കുമ്പോൾ വായ്പക്കാരന്റെ അർഹത പരിശോധിച്ച് മറ്റ് താമസ സൗകര്യം ഉറപ്പാക്കി മാത്രമേ നടപടി സ്വീകരിക്കുവാൻ പാടുള്ളൂ എന്നതും ഈ സർക്കാരിന്റെ നിലപാടാണ്. അനുബന്ധ സ്ഥലങ്ങളും കിടപ്പാടവും ഈട് നൽകി എടുത്തിട്ടുള്ള വലിയ വായ്പകളിൽ വീട് ഒഴിവാക്കി സ്ഥലം ജപ്തി ചെയ്തും വായ്പ്പക്കാരന് പകരം കിടപ്പാടം ഉറപ്പ് വരുത്തിയും സർക്കാർ നയത്തിനനുസൃതമായി 2020 മുതൽ നാളിതുവരെയുള്ള ജപ്തി നടപടികൾ സംബന്ധിച്ച ജില്ലാ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം -623

കൊല്ലം -4

ആലപ്പുഴ -2

പത്തനംതിട്ട -29

കോട്ടയം -34

ഇടുക്കി -190

എറണാകുളം -65

തൃശ്ശൂർ -287

പാലക്കാട് -68

മലപ്പുറം -81

കോഴിക്കോട് -44

വയനാട് -6

കണ്ണൂർ -8

കാസർഗോഡ് -18

കേരള സംസ്ഥാന സഹകരണ ബാങ്ക്, അർബൻ ബാങ്കുകൾ എന്നിവ RBI നിയന്ത്രണങ്ങൾക്കും, കേന്ദ്ര നിയമമായ ബാങ്കിങ് റെഗുലേഷൻ നിയമങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളാണ്. പ്രസ്തുത സ്ഥാപനങ്ങൾ വായ്പ തിരിച്ചു പിടിക്കുന്നതിനു സർഫാസി നിയമപ്രകാരമുള്ള റിക്കവറി നടപടികൾ, റവന്യൂ റിക്കവറി നിയമപ്രകാരമുള്ള റിക്കവറി നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | സഹകരണ വകുപ്പ് നടത്തിയ കുടിശ്ശിക നിവാരണ അദാലത്ത് വഴി 2020 മുതൽ 2024 വരെയുള്ള കാലയളവിൽ എത്ര കേസുകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | സഹകരണ വകുപ്പ് നടത്തിയ കുടിശ്ശിക നിവാരണ അദാലത്ത് വഴി 2020 മുതൽ 2024 വരെയുള്ള കാലയളവിൽ 18,92,314 വായ്പ കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ